**Mr. P. Kumaran Ezhuthassan** *(Vadakkancheri):* I am sorry that a correction is necessary. The reference is with regard to the total and here also it is the same. So you see the difference. It is stated here in the Diwan's speech that the General Election, was preceded by a revision of electoral rolls, at which rather more than a lakh and 40,000 voters were registered.

**Mr. President:** Yes. But the Hon'ble Member's question relates only to General Constituencies—see sub-division (a)

**Mr. B. V. K. Menon** *(Secretary to Government):* The question is what is the number of electors in all the General Constituencies.

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* I am sorry.

മിസ്റ്റർ പി. നാരായണമേനോൻ: ഇതിനുമുമ്പ് എപ്പോഴെങ്കിലും ഇത്രയും പെറ്റി ഷൻസു കിട്ടീട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇത്രയും കിട്ടീട്ടുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇത്രയും പെറ്റീഷൻസു ഇതിനുമുമ്പു കിട്ടീട്ടില്ലെന്നു നിശ്ചയമുണ്ടോ?

മിസ്റ്റർ ബി. വി കെ. മേനോൻ: ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഇത്രയും പെറ്റീഷൻസു ഉണ്ടാകുവാനുള്ള കാരണ മെന്താണെന്നു പറയാമോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിനുള്ള കാരണം നാണയവർദ്ധനയാണെന്നു റിയാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതുകൊണ്ടുമായിരിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വോട്ടേഴ്സ് ലിസ്റ്റു തയ്യാറാക്കിയതിൽ മരിച്ചവ രുടെ പേരുകളും ഉൾപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഉൾപ്പെട്ടമായിരിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇങ്ങിനെ ഇലക്ഷൻ പെറ്റീഷൻസ് അധികമാകു വാൻ അതൊരു കാരണമാണെന്നു ഗവർമെണ്ടിനു തോന്നിട്ടുണ്ടോ?

മിസ്റ്റർ ബി. വി കെ. മേനോൻ: പെറ്റീഷൻ കൊടുത്തിട്ടുള്ളതുതന്നെ വല്ല ഗുണവും ഉണ്ടാകുമെന്നു വിചാരിച്ചാണ്.

**46.** മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിനു പഴയന്നൂർ നിയോജകമണ്ഡലത്തിൽ എത്ര സ്റ്റേറ കാറുകൾ ഓടിയിരുന്നു?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഒരു സ്റ്റേറ കാർ മാത്രമേ ഓടിക്കൊണ്ടിരുന്നുള്ളൂ. ആയതു തലപ്പിള്ളി താസിൽദാരുടെ ഉപയോഗത്തിനു അയച്ചുകൊടുത്ത (കാഡിലാക്) കാർ ആയിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആരാണു് ഇതിന്റെ കണക്കെടുത്തതെന്നു പറയു വാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇതിനെപ്പറ്റി അന്വേഷിച്ചതിൽ ഒരു സ്റ്റേറ കാർ മാത്രമേ ഓടിക്കൊണ്ടിരുന്നുള്ളുവെന്ന വിവരം കിട്ടീട്ടുണ്ടു്.

മിസ്റ്റർ കെ.എസ്സ്. പണിക്കർ: വേറെ ഏതെങ്കിലും സ്റ്റേറകാർ അവിടെ ഓടിയി രുന്നുവോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൃഷിഡയറക്ടരുടെ കാർ എലക്ഷൻകാലത്തു് അ വിടെ ഓടിയിരുന്നുവോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: നിശ്ചയമില്ല.

**47.** മിസ്റ്റർഎം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ദയവായി ഗവർമ്മെ ണ്ടു് മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിനു കൊച്ചിയിലെ ഓരോ നിയോജക മണ്ഡലത്തിലും എത്ര വോട്ടർമാർപീതം ഉണ്ടായിരുന്നു; ഓരോ നിയോജകമണ്ഡലത്തിലേയും ജനസംഖ്യയെന്തു";

(ബി) കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഓരോ നിയോജകമണ്ഡലത്തിലും ഓരോ സ്ഥാനാർത്ഥിക്കും കിട്ടിയ വോട്ടുകളെത്ര; അസാധുവായിപ്പോയ വോട്ടുകളെത്ര;

(സി) ഈ പ്രാവശ്യത്തെ തിരഞ്ഞെടുപ്പിൽ വോട്ടുകൾ അസാധുവായിപ്പോകുവാനുണ്ടായ കാരണമെന്താണു"; അതിന്റെ കാരണം വോട്ടർമാരല്ലെങ്കിൽ ആ വോട്ടുകളെ അസാധുവാക്കുന്നതു" ശരിയല്ലെന്നു ഗവണ്മെണ്ടിനറിയാമോ;

(ഡി) ഓരോ നിയോജകമണ്ഡലത്തിലേയും വോട്ടർമാരുടെ സംഖ്യകൾ തമ്മിലുള്ള ഭീമമായ വ്യത്യാസത്തെ പരിഗണിച്ചു വോട്ടർമാരുടെ സംഖ്യ ഏതാണ്ടു് ഒരുപോലെ വരത്തക്കവണ്ണം നിയോജക മണ്ഡലങ്ങൾ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുള്ള സംഗതി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ:

(എ) അനുബന്ധം നോക്കുക. I

(ബി) അനുബന്ധം നോക്കുക. II

(സി) ചില വോട്ടുകൾ നിയമാനുസരണം വേണ്ടതായിട്ടുള്ള സീൽ ബാലറ്റ് കടലാസ്സിൽ ഇല്ലാത്ത കാരണംകൊണ്ടും ചിലതു മറ്റു നിയോജകമണ്ഡലങ്ങളിലെ ബാലറ്റ് കടലാസ്സു് ആയതുകൊണ്ടും; രൂപപ്രകാരം വരണാധികാരികളാണ് ഈ വോട്ടുകളുടെ സാധുത്വവും അസാധുത്വവും തീർച്ചയാക്കേണ്ടതു്.

(ഡി) ഗവണ്മെണ്ടു് ഈ കാര്യം ആലോചിക്കുന്നതാണു്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : അടുത്ത തിരഞ്ഞെടുപ്പിനു മുമ്പു് തീരുമാനമുണ്ടാകുമെന്നു പ്രതീക്ഷിക്കാമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : നോട്ടീസ്സില്ലാതെ അതിനെപ്പറ്റി ഇപ്പോൾ തീർച്ചപറയുവാൻ സാധിക്കുകയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : രൂപപ്രകാരം വരണാധികാരികളാണു് ഈ വോട്ടുകളുടെ സാധുത്വവും അസാധുത്വവും തീർച്ചയാക്കേണ്ടതു് എന്നിവിടെ പറഞ്ഞിട്ടുണ്ടു്. ഇന്നയിന്നാ വോട്ടുകൾ തള്ളിക്കളയണം എന്ന നിയമമില്ലേ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : നിയമാനുസരണം ഇന്നയിന്ന വോട്ടുകൾ ഇൻവാലിഡ് ആകും എന്നുണ്ടു്. അതു തീർച്ചയാക്കേണ്ടതു റിട്ടേണിങ്ങ് ആഫീസർമാരാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : അതിൽ വല്ല ആക്ഷേപവും എടുക്കുവാൻ ഗവണ്മെണ്ടിനാവകാശമില്ലേ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : രൂപപ്രകാരം ആക്ഷേപം വേണമെന്നു തീർച്ചയാക്കേണ്ടതും അവരാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : സീലില്ലാത്ത വോട്ടുകൾ ഇൻവാലിഡ് ആകയില്ലേ?

**Mr. B. V. K. Menon** *(Secretary to Government)*: I beg to submit that these matters are pending enquiry in the Election Court and in most of the election petitions one of the grounds is that a number of votes have been made invalid. So I suggest it will not be proper for this Council to question the correctness or incorrectness of the votes that have been declared invalid by these Returning Officers.

**Mr. President :** I suggest for the consideration of the Hon'ble Members that it would be well to defer any discussion of this matter until Hon'ble Members are in possession of the decision of the Election Tribunal on these matters.

**48. Mr. P. Kumaran Ezhuthassan** *(Vadakkancheri)*: Will Government be pleased to state.—

(*a*) when was the list of Polling Officers published in the Gazette for the election in 1,100, 1103, 1106, 1110; 1113;

(*b*) what was the reason for publishing such names only two days prior to the date of election in 1120?

**Mr. A. Madhava Prabhu** *(Diwan Peishkar)*:

(*a*) Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly